LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.യുടെ പോസ്റ്റുകളിലൂടെയുള്ള കേബിളുകൾ

7 (2208) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പോസ്റ്റുകളിലൂടെ കേബിളുകൾ വലിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എത്ര തുക ഈടാക്കി വരുന്നുവെന്നതിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ തുക വിവരം ജില്ലാടിസ്ഥാനത്തിൽ വാർഷിക ക്രമത്തിൽ ലഭ്യമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് കുടിശ്ശികയിനത്തിൽ എത്ര തുക ലഭ്യമാകാനുണ്ട് എന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പോസ്റ്റുകളിലൂടെ കേബിളുകൾ വലിക്കുന്നതുമായി ബന്ധപ്പെട്ട് ഈടാക്കിയ തുകയുടേയും കുടിശ്ശികയായി ലഭിക്കേണ്ട തുകയുടേയും കണക്കുകൾ ജില്ല തിരിച്ച് വാർഷിക ക്രമത്തിൽ അനുബന്ധമായി ചേർക്കുന്നു.*

കെ.എസ്.ഇ.ബി.യിൽ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

8 (2209) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ മസ്ദൂർ തസ്തികയിൽ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോയെന്നും 2015-16 സാമ്പത്തിക വർഷം എത്ര ഒഴിവുകളാണ് മസ്ദൂർ തസ്തികയിൽ പ്രതീക്ഷിക്കുന്നതെന്നും അറിയിക്കുമോ;

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം വ്യക്തമാക്കാമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ലൈൻമാൻ തസ്തികയിൽനിന്നും ഓവർസീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുകയും ഇങ്ങനെ ഉണ്ടാകുന്ന ലൈൻമാൻ ഒഴിവിലേക്ക് മസ്ദൂർ തസ്തികയിൽനിന്നും പ്രൊമോഷൻ നൽകുകയും ചെയ്താൽ മാത്രമേ മസ്ദൂർ തസ്തികയിൽ ഒഴിവുണ്ടാകുകയുള്ളൂ. ഇപ്രകാരം എത്ര ഒഴിവുകൾ 2015-2016 സാമ്പത്തിക വർഷത്തിൽ മസ്ദൂർ തസ്തികയിൽ ഉണ്ടാകുമെന്ന് മുൻകൂട്ടി പറയാൻ കഴിയുന്നതല്ല.

(ബി) മസ്ദൂർ തസ്തികയിൽ നിലവിൽ ഒഴിവില്ലാത്തിനാൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.